23851
10/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-സ്വാശ്രയ പദ്ധതി-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.742/2017/സാ.നീ.വ തിരുവനന്തപുരം, തീയതി 4.11.2017

പരാമർശം:- 1. 18.4.2017 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H1-16160/17 നമ്പർ കത്ത്
2. 26.4.2017 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്
3. 12.10.2017 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H1-16160/17 നമ്പർ കത്ത്

## ഉത്തരവ്

ഭർത്താവ് ഉപേക്ഷിച്ച് തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്വന്തം മകനെ/മകളെ ഒറ്റയ്ക്ക് സംരക്ഷിക്കേണ്ടി വരുന്ന ബി.പി.എൽ കുടുംബങ്ങളിലെ സ്ത്രീകൾക്ക് തന്റെ മകന്റെ/മകളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സ്വാശ്രയ പദ്ധതി. ഈ പദ്ധതി പ്രകാരം തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവ്/രക്ഷിതാവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 35000/- രൂപ ഒറ്റത്തവണ ഗ്രാന്റായി അനുവദിക്കാവുന്നതാണെന്നും നിലവിലെ സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലും 10 പേർക്ക് വീതം 14 ജില്ലകളിലായി 140 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 49,00,000/- രൂപ 2235-60-200-83 (പി) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് പൂർണ്ണ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണമെന്ന വ്യവസ്ഥയോടെ അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വാശ്രയ പദ്ധതി പ്രകാരം തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവ്/രക്ഷിതാവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി, പൂർണ്ണ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി, ഈ സാമ്പത്തിക വർഷം 35000/- രൂപ ഒറ്റത്തവണ ഗ്രാന്റായി ഓരോ ജില്ലയിലും 10 പേർക്ക് വീതം 14 ജില്ലകളിലായി 140 പേർക്കായി 49,00,000/- രൂപ (നാൽപ്പത്തി ഒൻപത് ലക്ഷം രൂപ മാത്രം) 2235-60-200-83 (പി) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ